# പതിമൂന്നാം കേരളനിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3965** **26/06/2013 ൽ മറുപടിക്ക്**

## മരുന്നു വിതരണം

**ചോദ്യം**

**ശ്രീ. ജി. എസ്. ജയലാൽ**

**മറുപടി**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികളിലേക്ക് ആവശ്യമായി വരുന്ന മരുന്നുകൾ നൽകുവാൻ ഏതൊക്കെ സർക്കാർ സ്ഥാപനങ്ങളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ; | (എ) | സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെയാണ് സർക്കാർ ആശുപത്രികളിലേക്ക് ആവശ്യമായി വരുന്ന മരുന്നുകൾ സംഭരിച്ച് വിതരണം ചെയ്യുന്നതിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്. |
| (ബി) | പി.എച്ച്.സി. ഉൾപ്പെടെയുള്ള ആശുപത്രികളുടെ ആവശ്യത്തിലേക്ക് വാങ്ങുന്ന മരുന്നുകൾ കാരുണ്യ മെഡിക്കൽസിൽ നിന്നായിരിക്കണമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും പ്രമേഹരോഗികൾക്കുള്ള ഇൻസുലിൻ ഏകദേശം 50 രൂപയും, 'കാരുണ്യാ മെഡിക്കൽ'സിൽ നിന്നും വാങ്ങുമ്പോൾ 140 രൂപ വരെയും വില വാങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിവാക്കുമോ ; | (സി) | ഉണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, ദേശീയ അടിസ്ഥാനത്തിലുള്ള മത്സര ടെണ്ടറുകൾ ക്ഷണിച്ച്, ജനറിക് നാമത്തിലാണ് മരുന്നുകൾ സംഭരിച്ച് സർക്കാർ ആശുപത്രികൾ മുഖേന സൗജന്യമായി വിതരണം ചെയ്യുന്നത്. എന്നാൽ, വിവിധ മരുന്നു നിർമ്മാതാക്കളിൽ നിന്നും ബ്രാൻഡഡ് മരുന്നുകൾ പ്രൈസ് നെഗോസിയേഷനിലൂടെ വാങ്ങിയാണ് വളരെ കുറഞ്ഞ വിലയിൽ |

| | | | |
|---|---|---|---|
| | | | കോർപ്പറേഷന്റെ കീഴിലുള്ള കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസി ഔട്ട്ലെറ്റുകൾ മുഖേന വിൽക്കുന്നത്. ഓരോ മരുന്നിന്റെയും സ്പെസിഫിക്കേഷനും, വിതരണം ചെയ്യുന്ന കമ്പനിയുടെയും അടിസ്ഥാനത്തിൽ വില വ്യത്യാസം ഉണ്ടാകാറുണ്ട്. അതായത് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നും 62 രൂപ മുതൽ 112.50 രൂപ വരെ വിലയിൽ ബ്രാൻഡഡ് ഇൻസുലിൻ ലഭ്യമാണ്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും സൗജന്യമായി വിതരണം ചെയ്യുന്നത് ജനറിക് നാമത്തിലുള്ള ഇൻസുലിൻ ആണ്. |
| (ഡി) | സാധാരണ ജനങ്ങൾക്ക് സൗജന്യ മരുന്ന് ലഭ്യമാക്കുവാനുള്ള അവസരം മേൽനടപടികൾ നിമിത്തം സാദ്ധ്യമാകാതെ വരുന്ന സാഹചര്യം ഒഴിവാക്കുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ ? | (ഡി) | നിലവിൽ സംസ്ഥാന ആരോഗ്യ വകുപ്പിന്റെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിൽ വരുന്ന സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന, സാധാരണക്കാരായ ജനങ്ങൾക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന ആവശ്യാനുസരണം മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ